**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 959** **18-09-2025 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പാലാ നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ; | (എ) | കരൂർ ഗ്രാമപഞ്ചായത്തിലെ നെല്ലാനിക്കാട്ട്പാറ നഗറിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുന്ന കമ്മ്യൂണിറ്റി ഹാൾ ഒഴികെയുള്ള എല്ലാ പ്രവർത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി ഹാൾ നിർമിക്കുന്നതിന് തെരഞ്ഞെടുത്തിരുന്ന സ്ഥലത്തെ അസൗകര്യം മൂലം ആയതിനു പകരം മറ്റ് പദ്ധതികൾ ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കാൻ KEL ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ടി പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾക്ക് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ടി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സെപ്റ്റംബർ മാസത്തിൽ കൂടിയ ജില്ലാതല റിവ്യൂ മീറ്റിംഗിൽ സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള കർശന നിർദേശം നൽകിയിട്ടുണ്ട്. |
| (സി) | പാലാ നിയോജക മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ